"ഭരണഭാഷ-മാതൃഭാഷ"

No. DWCD/5357/2025-ICDSB1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 11-09-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

ജില്ലാ ശിശു വികസനപദ്ധതി ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ - ദേശീയ പോഷകാഹാര പദ്ധതിയിൽ ചക്കപ്പൊടി കൂടി ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്:-

സൂചന:- 1. 2025 -26 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനം.
2. ധനകാര്യവകുപ്പിന്റെ 23/07/2025 ലെ PB-B1/11/2025 FIN(3161425) നമ്പർ കത്ത്.

അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ദേശീയ പോഷകാഹാര സഹായ പദ്ധതികളിൽ കേരളത്തിന്റെ തനതു പോഷകാഹാരമായ ചക്കപ്പൊടി കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് സൂചന I പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നു.

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പുതിയ advisory യുടെ കൂടെ അടിസ്ഥാനത്തിൽ അങ്കണവാടി പ്രീ സ്കൂൾ കുട്ടികളുടെ ഭക്ഷണ മെനു പരിഷ്കരിച്ച് കൊണ്ടുള്ള മാതൃക ഭക്ഷണ മെനു അങ്കണവാടികളിൽ നടപ്പിലാക്കുന്നതിനു സർക്കാർ അംഗീകാരം ലഭ്യമാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളമുള്ള ICDS ജീവനക്കാർക്കും, അങ്കണവാടി പ്രവർത്തകർക്കും പരിഷ്കരിച്ച മാതൃക ഭക്ഷണ മെനു സംബന്ധിച്ച പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സെപ്റ്റംബർ 8 മുതൽ മാതൃക ഭക്ഷണ മെനു അങ്കണവാടികളിൽ നടപ്പിലാക്കുന്നതിനു നിർദേശവും നൽകിയിട്ടുണ്ട്.

അനുപൂരക പോഷകാഹാര പരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ , ചക്ക പൊടിയുടെ ഷെൽഫ് ലൈഫ് കൂടി പരിഗണിച്ച് ഷോർട്ട് ടേമിലേക്ക് പർച്ചേസ് ചെയ്തു മാതൃക ഭക്ഷണ മെനുവിലെ വിഭവമായ 'ഇല അട, കൊഴുക്കട്ട' എന്നിവയിൽ ചക്കപ്പൊടി കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സൂപ്പർവൈസർമാർക്കും.